**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനേതര മേഖലയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനേതര മേഖലയിലെ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ ഇനം മരങ്ങൾക്കാണ് അത്തരം അനുമതി ആവശ്യമുള്ളതെന്ന് അറിയിക്കാമോ; | (എ) | നിലവിലുള്ള നിയമങ്ങൾ പ്രകാരം ആവശ്യമുണ്ട്. 1986 ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ സെക്ഷൻ 5 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ടി നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരം ഓതറൈസ്ഡ് ഓഫീസർക്ക് അപേക്ഷ നൽകി അനുമതി നേടേണ്ടതുണ്ട്. എല്ലാ ഇനത്തിൽപ്പെട്ട മരങ്ങൾക്കും ആയത് ബാധകമാണ്. കൂടാതെ ഭൂപതിവ് നിയമത്തിന്റെ കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം നൽകിയിട്ടുള്ള പട്ടയത്തിൽപ്പെട്ട ഭൂമിയിലെ ഷെഡ്യൂൾഡ് മരങ്ങളായ തേക്ക്, ഈട്ടി, ചന്ദനം, കരിമരം കൂടാതെ പട്ടയത്തിൽ റിസർവ്വ് ചെയ്തിട്ടുള്ള മറ്റ് മരങ്ങളും ഉൾപ്പെടെ സർക്കാരിന്റേതാണ്. 2005 ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ട് സെക്ഷൻ 6 (3) പ്രകാരം ഷെഡ്യൂൾഡ് ഏരിയായിലെ സ്വകാര്യ ഭൂമിയിൽ നിന്നും എല്ലാ ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് അനുമതി ആവശ്യമാണ്. എന്നിരുന്നാലും ചെറുഭൂവുടമകൾക്ക് പ്രസ്തുത നിയമത്തിലെ സ്പെസിഫൈഡ് ട്രീസ് ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനും, കടത്തുന്നതിനും അനുവാദം ആവശ്യമില്ല. ചന്ദനം ഒഴികെയുള്ള സ്പെസിഫൈഡ് ട്രീസ് ആയ തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, എബണി, വെള്ളകിൽ എന്നീ ഇനം മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ടുപോകുന്നതിനും ഓതറൈസ്ഡ് ഓഫീസറുടെ അനുമതി ആവശ്യമാണ്.<br><br>സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്നതും വികസനത്തിന് തടസ്സമായിട്ടുള്ളതുമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവ് സ .ഉ ( സാ ധാ |

| | | | |
|---|---|---|---|
| | | | )നമ്പർ. 68/2010/വനം തീയതി 10.02.2010 പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിയ്ക്കുവാൻ അനുമതി നൽകിവരുന്നു. |
| (ബി) | അത്തരം അനുമതിക്കായി ഓൺ ലൈൻ പാസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ ആയതിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ, ആവശ്യമായ രേഖകൾ എന്നിവ എന്തെന്ന് വിശദമാക്കാമോ; | (ബി) | മരങ്ങൾ മുറിക്കുന്നതിന് അനുമതിക്കായി ഓൺലൈൻ പാസ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | അനുമതിയില്ലാതെ മുറിച്ചുകടത്തുന്ന തടികൾ പിടിച്ചെടുക്കുന്നതിനും പിഴയീടാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | നിയമാനുസൃതമായ അനുമതി ഇല്ലാതെ തടി മുറിച്ച് കടത്തുന്നവർക്കെതിരെ 1986 ലെ കേരള വൃക്ഷ സംരക്ഷണ നിയമം, 2005 ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹനം നിയമം, 1961 ലെ കേരള വനനിയമം എന്നീ നിയമങ്ങളും ആയതിന്റെ ചട്ടങ്ങളും പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ